കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സ്വരാജ് ഭവൻ - വൈദ്യുതി ചാർജ്, വാട്ടർചാർജ് എന്നിവ അടക്കുന്നതിനും, ദിവസവേതനാടിസ്ഥാനത്തിൽ ജോലിക്കാരെ നിയമിക്കുന്നതിനും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്**

സ.ഉ (സാധ) നമ്പർ 2732/2014/തസ്വഭവ തീയതി, തിരുവനന്തപുരം 21.10.2014

==================================================================

വായിച്ചു:- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19/9/2014ലെ ഡിബി1/500/2004/ സിഇ/തസ്വഭവ(1) നമ്പർ കത്ത്.

## <u>ഉത്തരവ്</u>

ഗ്രാമവികസന കമ്മിഷണറുടെ അദ്ധ്യക്ഷതയിൽ സ്വരാജ്ഭവനിൽ പ്രവർത്തിക്കുന്ന ഓഫീസ് മേധാവികളുടെ ഒരു യോഗം 18/9/2014ൽ കൂടുകയുണ്ടായി എന്നും, ഓഫീസുകൾ നേരിടുന്ന ദൈനംദിന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്തുവെന്നും, സ്വരാജ്ഭവനിലെ വൈദ്യൂതി ചാർജ്ജ്, വാട്ടർചാർജ്ജ് എന്നിവ അടക്കുന്നത് സംബന്ധിച്ചും, ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് സംബന്ധിച്ചും യോഗത്തിൽ തീരുമാനമായിട്ടുണ്ടെന്നും, ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്നും മേൽ വായിച്ച കത്തു പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ട്.

2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ആവശ്യം പരിഗണിച്ച് സർക്കാർ താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

3) നിലവിൽ സ്വരാജ്ഭവനിൽ സ്ഥാപിച്ചിട്ടുള്ള കെ എസ് ഇ ബി മീറ്ററുകളുടെ വൈദ്യുതി ചാർജ് താഴെപ്പറയും പ്രകാരം അടക്കുന്നതിന് അനുമതി നൽകുന്നു.

| | **കൺസ്യൂമർ നമ്പർ** | | **ബിൽ അടക്കേണ്ട വകുപ്പ്** |
|---|---|---|---|
| 1) | 1145060011512 | - | ഗ്രാമവികസന വകുപ്പ് |
| 2) | 1145060011513 | - | ശുചിത്വ മിഷൻ |
| 3) | 1145060011514 | - | ഇൻഫർമേഷൻ കേരള മിഷൻ (IKM) |
| 4) | 1145060011515 | - | നഗരകാര്യ വകുപ്പ് |
| 5) | 1145060011516 | - | നഗരാസൂത്രണ വകുപ്പ് (CTP) |
| 6) | 1145060011517 | - | ഗ്രാമവികസന വകുപ്പ് |
| 7) | 1145060011518 | - | ഗ്രാമവികസന വകുപ്പ് |
| 8) | 1145060011519 | - | 10-ാം ശമ്പള പരിഷ്ക്കരണ കമ്മിഷൻ |
| 9) | 1145060011520 | - | കെ.പി.ഇ.പി.എഫ് (പഞ്ചായത്ത് ഡയറക്ടർ) |

4) നിലവിൽ സ്വരാജ്ഭവനിലേക്ക് ഓഫീസ് പ്രവർത്തനം മാറ്റാത്ത ഇൻഫർമേഷൻ കേരള മിഷൻ (IKM), ശുചിത്വ മിഷൻ എന്നീ ഓഫീസുകളും മേൽ കൺസ്യൂമർ നമ്പർ പ്രകാരമുള്ള വൈദ്യുതി ചാർജ് അടക്കേണ്ടതാണ്.

5) അടിയന്തിര സാഹചര്യം പരിഗണിച്ചു സ്വരാജ്ഭവനിൽ താഴെപ്പറയുന്ന തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും, ആയതിനുള്ള തുക ചെലവഴിക്കുന്നതിനും അനുമതി നൽകുന്നു.

| | തസ്തിക | എണ്ണം | നിയമനാധികാരി |
|---|---|---|---|
| 1) | സെക്യൂരിറ്റി | 6 | ഗ്രാമവികസന കമ്മിഷണർ |
| 2) | ലിഫ്റ്റ് ഓപ്പറേറ്റർ | 4 | നഗരാസൂത്രണ വകുപ്പ് |
| 3) | ഇലക്ട്രീഷ്യൻ | 1 | നഗരകാര്യ വകുപ്പ് |
| 4) | പമ്പ് ഓപ്പറേറ്റർ/പ്ലംബർ | 1 | നഗരകാര്യ വകുപ്പ് |
| 5) | സ്വീപ്പർ | 2 | ശുചിത്വമിഷൻ |

6) സ്വരാജ്ഭവനിലെ 3 ലിഫ്റ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ തുക ചെലവഴിക്കുന്നതിന് ചീഫ് ടൗൺപ്ലാനർക്ക് അനുമതി നൽകുന്നു.

7) സ്വരാജ്ഭവന്റെ വാട്ടർചാർജ് അടക്കുന്നതിന് തുക ചെലവഴിക്കുന്നതിന് ഗ്രാമവികസന വകുപ്പിന് അനുമതി നൽകുന്നു.

8) സ്വരാജ്ഭവനിൽ ഭാവിയിൽ ഉണ്ടാകുന്ന സിവിൽ, ഇലക്ട്രിക്കൽ സംബന്ധമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സർക്കാർ ഫണ്ട് അനുവദിക്കുന്നതുവരെ തിരുവനന്തപുരം കോർപ്പറേഷന്റെ മെയിന്റനൻസ് ഗ്രാന്റ്/തനത്ഫണ്ട് ഉപയോഗിച്ച് കോർപ്പറേഷനിലെ എഞ്ചിനീയർമാരെക്കൊണ്ട് ചെയ്യിക്കുന്നതിന് തിരുവനന്തപുരം നഗരസഭയ്ക്ക് നിർദ്ദേശം നൽകുന്നു.

9) സ്വരാജ്ഭവനിലെ വൈദ്യുതിമീറ്ററുകൾ നിലവിൽ [illegible] മറ്റുമാണ് സ്ഥാപിച്ചിട്ടുള്ളത്. ആയത് നിലവിലുള്ള ടെണ്ടർ പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഓരോ ഉപഭോക്താവിന്റെയും പേരിലേക്ക് മാറ്റുന്നതിനുള്ള അടിയന്തിര നടപടി പൊതുമരാമത്ത് (ഇലക്ട്രിക്കൽ) വിഭാഗം സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**സി രാമൻകുട്ടി**
ഡെപ്യൂട്ടി സെക്രട്ടറി.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മിഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
നഗരാസൂത്രണ വകുപ്പ് (CTP)
മെമ്പർ സെക്രട്ടറി, 10-ാം ശമ്പള പരിഷ്ക്കരണ കമ്മിഷൻ, സ്വരാജ്ഭവൻ, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എഞ്ചിനീയർ, പൊതുമരാമത്ത് (ഇലക്ട്രിക്കൽ) വിഭാഗം,പബ്ലിക് ഓഫീസ്,തിരുവനന്തപുരം
ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (IKM)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E)/ (LBA&A), (Audit),കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്:- പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറിയുടെ പി.എ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ